# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## രണ്ടാം സെമസ്റ്റർ പരീക്ഷ

27.01.2019 | മാർക്ക് - 50
2.00 pm - 4 pm **STD - X** സമയം - 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1x 5=5**

1. 'അടുത്തു വരരുത്. നിന്റെ ചെരുപ്പ് അഴിച്ചു മാറ്റുക. എന്തുകൊണ്ടെന്നാൽ നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്'

   1. ഉൽപത്തി 3:5  2. പുറപ്പാട് 3:5  3. സംഖ്യ 3:5

2. ഉദാത്തമായ വ്യക്തിബന്ധം രൂപം കൊള്ളുന്നത് ഭവനങ്ങളിൽ ആയതിനാൽ ഇന്നിന്റെ ഏറ്റവും വലിയ ആവശ്യം

   1. കുടുംബ നവീകരണം  2. കൗൺസിലിംഗ്  3. കുടുംബപ്രാർത്ഥന

3. പിതാവിനാൽ അയക്കപ്പെട്ട ഈശോ തന്റെ പ്രേഷിതദൗത്യം പൂർത്തിയാക്കിയത് സ്വന്തം

   1. ജീവിതമാതൃകയിലൂടെ 2. ജീവിതബലിയിലൂടെ 3. കാരുണ്യ പ്രവൃത്തികളിലൂടെ

4. സകലത്തിന്റെയും സൃഷ്ടാവായ ദൈവം മനുഷ്യസമൂഹത്തിന്റെ അടിത്തറയും ആരംഭവുമായി സ്ഥാപിച്ചത്

   1. സ്നേഹബന്ധം  2. ദാമ്പത്യബന്ധം  3. രക്തബന്ധം

5. കഴിഞ്ഞ വർഷത്തെ ആഗോളമെത്രാൻ സിനഡ് നടന്നത്

   1. 2018 ആഗസ്റ്റ് 3-28  2. 2018 സെപ്റ്റംബർ 3-28  3. 2018 ഒക്ടോബർ 3-28

**B. പൂരിപ്പിക്കുക** **1x 5=5**

6. മാർ തോമാ നസ്രാണികൾ തങ്ങളുടെ വിശ്വാസാധിഷ്ഠിതമായ ജീവിതം കൊണ്ട് ———————— ന്റെ പ്രേഷിതരായിരുന്നു.
7. ഈ ലോകത്തിൽ ഈശോയുടെ തുടർച്ചയും കൂദാശയുമാണ് ————————
8. ദൈവം സ്നേഹത്തിന്റെ പൂർണതയായതിനാലാണ് അവിടുന്ന് ————————
9. ഇതാ കർത്താവിന്റെ ദാസി നിന്റെ ———————— എന്നിലാകട്ടെ.
10. "അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും ———————— ആരാധിക്കേണ്ടത്." (യോഹ 4, 24)

**C. മൂന്നോ നാലോ വാചകങ്ങളിൽ ഉത്തരമെഴുതുക** **2x 7=14**

11. വി. ഫ്രാൻസിസ് അസ്സീസ്സിയെ പരിസ്ഥിതിയുടെ മദ്ധ്യസ്ഥനായി സഭ നല്കിയിരിക്കുന്നത് എന്തുകൊണ്ട്?
12. സീറോ മലബാർ സഭക്ക് ലഭിച്ചിരിക്കുന്ന മിഷൻ രൂപതകൾ ഏവ?
13. വിവാഹ ഉടമ്പടിയുടെ ഉദ്ദേശ്യമെന്ത്?

14. പൗരോഹിത്യ ശുശ്രൂഷയിൽ അതീവ പ്രാധാന്യമർഹിക്കുന്ന ദൗത്യമാണ് സുവിശേഷപ്രഘോഷണം. ഇത് വ്യക്തമാക്കുന്ന തിരുവചനമേത്?

15. എന്താണ് വ്രതം? വ്രതജീവിതത്തിന്റെ മൂല്യം എന്തിൽ അടങ്ങിയിരിക്കുന്നു?

16. നമുക്കു വിശുദ്ധിയുടെ പ്രേഷിതരാകുവാൻ കഴിയുന്നതെങ്ങനെ?

17. ദൈവകൽപനകളിൽ അവസാനത്തെ അഞ്ചെണ്ണം എഴുതുക?

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക.**

**5x 2=10**

18. അനുദിന ജീവിതത്തിൽ വിശുദ്ധി എങ്ങനെ പാലിക്കാം?

19. പൗരോഹിത്യത്തിന്റെ സ്ഥാനവും ധർമ്മങ്ങളും ഏവ?

20. പ്രധാന മിഷൻ പ്രവർത്തനശൈലികൾ വിശദമാക്കുക?

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **6x 1=6**

21. കുടുംബത്തെ തിരുക്കുടുംബമാക്കാൻ പ്രാർത്ഥന, തിരുവചനപഠനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇവയൊക്കെ ആവശ്യമാണ്. നിങ്ങളുടെ കുടുംബത്തിൽ ഇവ എങ്ങനെ പ്രാവർത്തികമാക്കുന്നു?

| | |
|---|---|
| 22. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം* 36-37 | 10 |

# ഉത്തര സൂചിക 10-ാം തരം

1. പുറപ്പാട് 3:5 (L 14, Page-100 Paragraph-1)
2. കുടുംബനവീകരണം (L 13, Page-97, Paragraph-3)
3. ജീവിതബലിയിലൂടെ (L 12, Page-85, Paragraph-2)
4. ദാമ്പത്യ ബന്ധം (L11, Page-80, Paragraph-1)
5. 2018 ഒക്ടോബർ 3-28 (സത്യദീപം NOV 22-28)
6. സുവിശേഷത്തിന്റെ (L10, Page-73, Paragraph-2)
7. സഭ (L9, Page-65, Paragraph-1)
8. പരിശുദ്ധനായിരിക്കുന്നത് (L14, Page-101, Paragraph-2 )
9. വചനം പോലെ (നമസ്ക്കാരങ്ങൾ 7)
10. സത്യത്തിലുമാണ് (യോഹ 4:24)
11. പ്രകൃതിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കുക-നീതിപൂർവ്വം കൈകാര്യം ചെയ്യുക-ചൂഷണം ചെയ്യാതിരിക്കുക ഇവ നമ്മുടെ കടമയാണ്- വി. ഫ്രാൻസിസ് പ്രകൃതിയെയും ജീവജാലങ്ങളെയും സ്നേഹിക്കുക്കയും ദൈവാനുഭവത്തിലേക്കുള്ള ചവിട്ടുപടിയായി കരുതുകയും ചെയ്തു (L9, Page-70, Paragraph-1st )
12. ഛരാന്ദാ, ഉജ്ജെയ്ൻ, സത്ന, സാഗർ, ജഗദൽപൂർ, ബീജ്നോർ, രാജക്കോട്ട്, ഗോരഖ്പൂർ, തക്കല,, അദിലബാദ് (L10, Page-76, Paragraph-1st)
13. ദൈവസ്നേഹം പങ്കുവെക്കുന്നതിനായി അവിടുന്ന് കുടുംബത്തിലേക്ക് നമ്മെവിളിക്കുന്നു.-വിവാഹം മാനുഷിക സ്ഥാപനമല്ല-ദൈവികസ്ഥാപനമാണ്- അവിടുത്തെസൃഷ്ടി കർമ്മത്തിലും രക്ഷാകര പദ്ധതിയിലും ഉള്ള പങ്കുചേരലാണ്- സ്ത്രീയും പുരുഷനും തമ്മിൽ ജീവിതകാലം മുഴുവൻ നീണ്ടുനില്കുന്നതും ദൃഢവുമായ ബന്ധം ഉളവാകുന്ന ഉടമ്പടിയാണ് വിവാഹം-ദമ്പതികളുടെ നന്മ, മക്കൾക്ക് ജന്മം നല്ക്കുക, വിദ്യാഭ്യാസം കൊടുക്കുക (L11, Page-80, Paragraph-1ST )
14. ഉത്ഥാനശേഷം ഈശോ ഭരമേല്പിച്ചു- മത്തായി 28,20 (L12, Page-87, Paragraph 2ND )
15. ദൈവത്തോട് ഒരു വ്യക്തി ചെയ്യുന്നതും ആ വ്യക്തിയിൽ നിന്ന് സഭ വഴിയായി ദൈവം സ്വീകരിക്കുന്നതുമായ സ്നേഹത്തിന്റെ ഉടമ്പടി- അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം- ദൈവസ്നേഹവും, പരസ്നേഹവും-ഈശോയോടുള്ള വ്യക്തി ബന്ധത്തിലേക്ക് വ്രതജീവിതത്തിന്റെ മൂല്യം അടങ്ങിയിരിക്കുന്നത് (L13, Page-94, Last Paragraph)
16. വിശുദ്ധി നിറഞ്ഞ ജീവിതമാണ് വലിയ പ്രേഷിതപ്രവർത്തനം- ഈശോയെ അനുഭവിച്ച് അറിയാൻ സഹായിക്കുക-എല്ലാ മേഖലകളില്ക്കും അവിടുത്തെ സാന്നിദ്ധ്യം, പ്രവർത്തനവും എത്തിക്കുക-സുവിശേഷാനുസൃതമായി ജീവിക്കുക (L14, Page-105, Last Paragraph)
17. നമസ്ക്കാരങ്ങൾ 9
18. (L14, Page 104-105)
19. (L12, Page 86-87)
20. (L10, Page 76-77)
21. പൊതുചോദ്യം

# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## രണ്ടാം സെമസ്റ്റർ പരീക്ഷ

28.01.2018 — മാർക്ക് - 50

2.00 pm - 4 pm — **STD - X** — സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** — **1x 5=5**

1. മാർ തോമ ക്രിസ്ത്യാനികൾക്കുവേണ്ടി ഭാരതത്തിന് വെളിയിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെ സീറോ മലബാർ രൂപത
   1. മെൽബൺ 2. ചിക്കാഗോ 3. ഫരീദാബാദ്
2. പൗരോഹിത്യ ജീവിതത്തിലെ പരമോന്നതമായ പ്രേഷിത പ്രവർത്തനം
   1. കൂദാശകൾ പരികർമ്മം ചെയ്യുക 2. സ്വന്തം ജീവിതം ബലിയായ് അർപ്പിക്കുക 3. വചന പ്രഘോഷണം നടത്തുക
3. ഏഷ്യയിലെ ഏറ്റവും വലിയ അൽമായ സംഘടന
   1. സി.എൽ.സി 2. കെ.സി.വൈ.എം 3. മിഷൻലീഗ് [CML]
4. ഉന്നത മാനവികതയുടെ പാഠശാല
   1. വിദ്യാലയം 2. സഭ 3. കുടുംബം
5. 'ഏവൻഗലിയോൺ' എന്ന പദത്തിന്റെ അർത്ഥം
   1. സുവിശേഷം 2. ലേഖനം 3. അപ്പസ്തോലപ്രവർത്തനങ്ങൾ.

**B. പൂരിപ്പിക്കുക** — **1x 5=5**

6. ——————ആണ് ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം
7. ഈശോയോട് കൂടെ ആയിരിക്കുക എന്നത്കൊണ്ട് അർത്ഥമാക്കുന്നത് അവിടുത്തെ——————പാലിക്കുക എന്നതാണ്.
8. സംഘടനകൾപോലെ തന്നെ ഇടവകകളുടെ സജീവത്വത്തിനും വളർച്ചയ്ക്കും സഹായകരമാണ്——————
9. പ്രാർത്ഥന കുടുംബത്തെ——————യും ദാമ്പത്യ ബന്ധത്തെ——————യും ചെയ്യുന്നു.
10. സ്വന്തം കുരിശു വഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ——————കഴിയുകയില്ല

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** — **2x 7=14**

11. അനുദിന ജീവിതത്തിൽ വിശുദ്ധി പ്രാവർത്തികമാക്കേണ്ടതെങ്ങനെ?
12. സമർപ്പിത ജീവിതത്തിന്റെ സാരാംശം എന്ത്?

13. പൗരോഹിത്യത്തിന്റെ സ്ഥാനവും ധർമ്മങ്ങളുമെന്ത്?

14. മാർ തോമ നസ്രാണികളുടെ പ്രേഷിത സ്വഭാവമെന്ത്?

15. മാതൃ-പിതൃ സംഘടനകൾ സ്ഥാപിതമായത് എന്തിന്?

16. മാതാപിതാക്കളാണ് മക്കളുടെ പ്രഥമാദ്ധ്യാപകരും പ്രധാന അദ്ധ്യാപകരും എന്ന് പറയാൻ കാരണമെന്ത്?

17. പരിശുദ്ധാരൂപിക്ക് എതിരായ പാപങ്ങൾ ഏവ?

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജ് വീതം ഉത്തരം എഴുതുക.**

**5x 2=10**

18. കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും നേതൃത്വ പരിശീലനത്തിലും കെ.സി. എസ്.എൽ, സി. എൽ.സി, സി.എം.എൽ സംഘടനകൾക്കുള്ള പങ്ക് എന്ത്?

19. ഒരു പുരോഹിതന്റെ അജപാലന ശുശ്രൂഷയെക്കുറിച്ച് 2-ാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് എന്താണ്?

20. സീറോ മലബാർ സഭയുടെ മിഷൻ രൂപതകൾ ഏവ? പ്രവർത്തന ശൈലി യെന്ത്?

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **6x 1=6**

21. വാഴ്ത്തപ്പെട്ട സി. റാണി മരിയയുടെ ക്രിസ്തീയ സാക്ഷ്യജീവിതം നമുക്ക് നൽകുന്ന പ്രേഷിത ചൈതന്യവും സി.റാണി മരിയയുടെ കുടുംബാംഗ ങ്ങൾ നമുക്കു നൽകുന്ന കുടുംബ പ്രേഷിത സാക്ഷ്യവും എപ്രകാരമുള്ള താണ്? കുടുംബത്തിന്റെ പ്രേക്ഷിതരംഗങ്ങൾ ഏവ?

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 33 | 10 |

## പത്താം ക്ലാസ്സ് -രണ്ടാം സെമസ്റ്റർ - ഉത്തരങ്ങൾ

A. 1. ചിക്കാഗോ – Ch. 10, p. 75
2. സ്വന്തം ജീവിതം ബലിയായി അർപ്പിക്കുക Ch. 12, p. 86
3. ചെറുപുഷ്പ മിഷൻ ലീഗ് Ch. 15, p.109
4. കുടുംബം Ch. 11, p. 81
5. സുവിശേഷം – സത്യദീപം, 2017 November 30-December 06

B. 6. ജീവിതസാക്ഷ്യം – Ch. 10, p. 76
7. കല്പനകൾ Ch. 14, p.103
8. കുടുംബകൂട്ടായ്മകൾ Ch. 15, p.113
9. വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും Ch. 11, p.80
10. ശിഷ്യനായിരിക്കാൻ Luke 14: 27

C. 11. **ദൈവത്തിൻറെ കല്പനകൾ പാലിച്ചും അവിടുത്തെ ഹിതം നിറവേറ്റിയും**

- ദൈവവചനം, സഭയുടെയും സമൂഹത്തിൻറെയും നിയമങ്ങൾ, മാതാപിതാക്കൾ, ഗുരുക്കന്മാർ, സഭാധികാരികൾ എന്നിവരിലൂടെ ദൈവഹിതം വെളിവാകുന്നു
- മാതാപിതാക്കൾ, അദ്ധ്യാപകർ അധികാരികൾ എന്നിവരെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക, നിയമങ്ങളും സാമാന്യ മര്യാദകളും പാലിക്കുക - Ch. 14; p.104

12. കർത്താവായ മിശിഹായോടും അവിടുന്നിൽ മനുഷ്യകുടുംബത്തിലെ ഓരോ അംഗത്തോടുമുള്ള സ്നേഹംമൂലം നടത്തുന്ന മൗലികമായ ആത്മദാനമാണ്
സുവിശേഷ ഉപദേശങ്ങൾക്കനുസരിച്ചുള്ള ജീവിത സമർപ്പണം വഴി ഈ ആത്മദാനം വ്യക്തമാക്കപ്പെടുന്നു Ch. 13; p.94
ദൈവമഹത്വത്തിനായി സമ്പൂർണ സമർപ്പണം ചെയ്യുന്നു

13. സഭയുടെ ശിരസ്സും ഇടയനുമായ മിശിഹായുടെ പ്രതിനിധിയാണ് പുരോഹിതൻ
ഈശോയോടൊത്തു വസിച്ചുകൊണ്ട് വചനം പ്രഘോഷിക്കുക, കൂദാശകൾ പരികർമം ചെയ്യുക, ദൈവജനത്തെ നയിക്കുക
പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്ന ദൗത്യം
മിശിഹായുടെ മൗതിക ശരീരവും പരിശുദ്ധാത്മാവിൻറെ ആലയവുമായ സഭയെ ഈ ലോകത്തിൽ പടുത്തുയർത്തുക-
ദൈവത്തിനും ജനത്തിനുമിടയിൽ മധ്യവർത്തിയായി ശുശ്രൂഷ ചെയ്യുക
- Ch. 12; p.86-87

14. മറ്റു മതസ്ഥരുടെയിടയിൽ തങ്ങളുടെ ക്രൈസ്തവവിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും അതിനു സാക്ഷ്യം വഹിക്കുന്നതിനുമാണ് അവർ മുൻതൂക്കം നൽകിയിരുന്നത്
ബലപ്രയോഗത്താലോ നിർബന്ധത്താലോ വിശ്വാസം അടിച്ചേൽപ്പിച്ചിരുന്നില്ല
ധാർമികമായി ഉന്നത നിലവാരം പുലർത്തിയിരുന്നു
സുവിശേഷത്തിൻറെ പ്രേഷിതരായിരുന്നു - Ch. 10; p.73

15. ഗാർഹിക സഭയായ കുടുംബങ്ങളെ വിശുദ്ധീകരിക്കുക കുടുംബങ്ങളിൽ സ്നേഹവും പ്രാർത്ഥനാചൈതന്യവും വളർത്താനും കുട്ടികളെ ശരിയായ വിധത്തിൽ വളർത്താനും ഇത് സഹായിക്കുന്നു സാമൂഹ്യ സേവന രംഗത്തും ,പ്രവർത്തിക്കുന്നു. Ch. 15; p.112

16. മക്കളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടവരും അവരെ വിശ്വാസം പഠിപ്പിക്കേണ്ടവരും മാതാപിതാക്കളാണ്
സ്വന്തം മാതൃകയാലും ഉപദേശത്താലും മക്കളുടെ ക്രിസ്തീയവും പ്രേഷിതപരവുമായ ജീവിതത്തിനു അവർ രൂപം കൊടുക്കുന്നു
മക്കൾക്ക് ക്രിസ്തീയ വിദ്യാഭ്യാസം നൽകാനുള്ള അവകാശവും കർത്തവ്യവും മാതാപിതാക്കളുടേതാണ്. Ch. 11; p.81

17. മോക്ഷം കിട്ടുകയില്ലെന്ന വിചാരം (നിരാശ)
സത്പ്രവർത്തി കൂടാതെ മോക്ഷം പ്രാപിക്കാമെന്ന മിഥ്യാപ്രതീക്ഷ
ഒരു കാര്യം സത്യമാണെന്നറിഞ്ഞിട്ടും അതിനെ നിഷേധിക്കുന്നത്
അന്യരുടെ നന്മയിലുള്ള അസൂയ
പാപം ചെയ്തതിനുശേഷം അനുതപിക്കാതെ പാപത്തിൽ തന്നെ ജീവിക്കുന്നത്
അന്ത്യസമയത്തുപോലും അനുതപിക്കാതെ പാപത്തോടുകൂടി മരിക്കുന്നത് - Namaskarangal No. 28

D. 18. കെ.സി. എസ്. എൽ - പ്രാർത്ഥന, പഠനം, സേവനം എന്ന മുദ്രാവാക്യം സ്വീകരിച്ചിരിക്കുന്ന സംഘടന
വിദ്യാർത്ഥികളിൽ സദാചാരബോധവും പഠന ശീലവും അധ്വാനസന്നദ്ധതയും വളർത്തിയെടുക്കാൻ സഹായിക്കുന്നു.
സി. എൽ. സി.
സഭക്കും സമൂഹത്തിനും സേവനം ചെയ്യുന്ന അത്മായ സംഘടന -
ക്രിസ്തീയ ജീവിത സമൂഹം എന്ന് അറിയപ്പെടാൻ തുടങ്ങി
ക്രൈസ്തസമൂഹം കെട്ടിപ്പടുക്കുക
സമൂഹത്തിൽ ദൈവാനുഭവത്തിൻറെയും ഐക്യത്തിൻറെയും രക്ഷയുടെയും അടയാളമാകുവാൻ പരിശ്രമിക്കുന്നു

പരിശുദ്ധ കന്യകാമറിയത്തെ അനുകരിച്ചു ക്രിസ്തു കേന്ദ്രീകൃത ജീവിതം, സ്വയം വിശുദ്ധീകരണം, മറ്റുള്ളവരുടെ രക്ഷ, തിരുസഭയുടെ വളർച്ച എന്നിവ നേടുകയാണ് ലക്ഷ്യം
സി. എം. എൽ.
മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുക
വ്യക്തികളിലും കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും പ്രേഷിതചൈതന്യം വളർത്തുക
പ്രാർത്ഥന, സംഭാവന, ദൈവവിളി പ്രോത്സാഹനം, സന്മാതൃക എന്നിവ വഴി ലോകം മുഴുവനിലുള്ള പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കുക
കുട്ടികളിൽ ക്രിസ്തീയ വ്യക്തിത്വം രൂപീകരിക്കുക
സ്നേഹം, ത്യാഗം, സേവനം, സഹനം എന്നതാണ് മുദ്രാവാക്യം - പ്രേഷിത ചൈതന്യം വളർത്തുന്നു - Ch. 15; p.109-110

19. തിരുസഭയെ പണിതുയർത്തുക
ഈശോയെ അനുകരിച്ചുകൊണ്ട് വളരെയേറെ സൗമ്യതയോടുകൂടി വൈദീകർ എല്ലാവരോടും വർത്തിക്കണം
മനുഷ്യരുടെ പ്രീതി അന്വേഷിക്കാതെ ദൈവമഹത്വത്തിനായി എല്ലാം ചെയ്യണം
ദൈവജനത്തിനു ശുശ്രൂഷ അർപ്പിക്കാൻ ഉത്സാഹികളായിരിക്കണം
ദൈവജനത്തിൻറെ വിശ്വാസവളർച്ചയിൽ ശ്രദ്ധാലുവായിരിക്കണം
ദരിദ്രരെയും അവശരെയും പ്രത്യേകവിധത്തിൽ പരിഗണിക്കണം
രോഗികളുടെയും മരണാസന്നരുടെയും കാര്യത്തിൽ അതീവ തൽപരരായിരിക്കണം സകല മനുഷ്യരെയും ഈശോയിലേക്കു നയിക്കുന്ന വഴിയൊരുക്കണം
ഏൽപിച്ചിരിക്കുന്ന ജനത്തിനായി കഠിനാധ്വാനം ചെയ്യണം
അജഗണത്തിൻറെ ബുദ്ധിമുട്ടുകളിൽ ഓടിയെത്തണം
ഭവനങ്ങൾ സന്ദർശിക്കണം
രോഗികൾക്കും ആകുലർക്കും വേണ്ടി പ്രാർത്ഥിക്കണം
പാപഭാരത്താൽ വലയുന്നവർക്കും മാനസിക ക്ലേശങ്ങളാൽ അസ്വസ്ഥരായവർക്കും പാപമോചനവും ആശ്വാസവുമേകാൻ കടമയുണ്ട് ജാതിമത ഭേദമെന്യ സമൂഹത്തിൻറെ വളർച്ചക്കുവേണ്ടി അത്യധ്വാനം ചെയ്യാനുള്ള മനോഭാവം വൈദികനുണ്ടായിരിക്കണം തന്നെ സമീപിക്കുന്നവർക്കെല്ലാം ഈശോയുടെ സ്നേഹസാന്നിധ്യം അനുഭവിക്കാൻ സാധിക്കത്തക്ക വിധം പ്രവർത്തിക്കണം Ch. 12 89

20. ഛാന്ദ, ഉജ്ജയിൻ, സത്നാ, സാഗർ, ജഗദൽപുർ, ബിജ്നോർ, രാജ്കോട്ട്, ഗോരഖ്പൂർ. തക്കല, അദിലാബാദ്
ജീവിതസാക്ഷ്യമാണ് ഒന്നാമത്തെ മിഷൻ പ്രവർത്തനം

സ്നേഹജീവിതമാണ് ഈശോയെ പ്രഘോഷിക്കാനുള്ള ഏറ്റവും ശക്തമായ മാർഗം
മതസംവാദമാണ് മറ്റൊരു മാർഗം - സംവാദജീവിതം പരസ്പര ബന്ധത്തിലേക്ക് നയിക്കുന്നു
സംവാദത്തിലൂടെ മറ്റു മതാനുയായികളുടെ വിശ്വാസപാരമ്പര്യങ്ങളെ മനസിലാക്കുക
ക്രൈസ്തവ പാരമ്പര്യത്തിൻറെ ദൈവാനുഭവത്തിൽ പങ്കു ചേരാൻ അവരെ ക്ഷണിക്കുക
എതിരാളികളെപ്പോലും ആവശ്യങ്ങളിൽ സഹായിക്കാൻ സന്നദ്ധനായിരിക്കുക

മറ്റു മതാനുയായികളോടൊത്തു സമൂഹത്തിൻറെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പ്രവർത്തിക്കുക

ഓരോ പ്രദേശത്തിൻറെയും സംസ്ക്കാരത്തിനു അനുരൂപമായ പ്രേഷിതപ്രവർത്തന ശൈലി - Ch. 10; p.75-76

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ സർട്ടിഫിക്കറ്റ് പരീക്ഷ

**26 - 01 - 2014** | **മാർക്ക് – 50**

**2.00 pm - 4.00 pm** | **സമയം – 2 മണിക്കൂർ**

## STD - X

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം.
2. സുന്ദരങ്ങളായ കാവ്യങ്ങളും കീർത്തനങ്ങളും വഴി ഗഹനങ്ങളായ ദൈവീക സത്യങ്ങൾ ലളിതമായി ആവിഷ്ക്കരിച്ച മല്പാൻ?
3. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യന്മാർ എവിടേയ്ക്കാണ് മടങ്ങിയത്?
4. ഫ്രാൻസീസ് മാർപ്പാപ്പയുടെ ആദ്യത്തെ അപ്പസ്തോലിക പ്രബോധനം?

**II ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**

5. സാമൂഹിക നീതിയെക്കുറിച്ചും ജീവകാരുണ്യപ്രവർത്തനത്തിൽ സഭയ്ക്കുള്ള പങ്കിനെക്കുറിച്ചും ഉദ്ബോധിപ്പിക്കുന്ന സഭയുടെ സാമൂഹിക പ്രബോധനം.
   (ക്രിസ്തൂസ് ദോമിനൂസ്, ദേയി വെർബും, മാതാവും ഗുരുനാഥയും)
6. സുവിശേഷാനുസൃതം ജീവിച്ച ആദിമസഭയിൽ മിഴിവാർന്നു നിന്ന സവിശേഷത.
   (കൂട്ടായ്മജീവിതം, പ്രാർത്ഥനാജീവിതം, അപ്പംമുറിയ്ക്കൽ ശുശ്രൂഷ)
7. പെസഹാ ഭക്ഷിക്കേണ്ടതിന് ഒരുക്കങ്ങൾ ചെയ്യാൻ യേശു അയച്ച ശിഷ്യന്മാർ.
   (യാക്കോബ്, യോഹന്നാൻ / പത്രോസ്, യോഹന്നാൻ/ പത്രോസ്, യാക്കോബ്)
8. പുതിയതായി അഭിഷിക്തനായ എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻ?
   (മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ, മാർ തോമസ് ചക്യാത്ത്)

**III ദൈവവചനം ഉദ്ധരിക്കുക** **3**

9. മത്തായി. 6/33. ''നിങ്ങൾ ആദ്യം....
10. 1 കോറി. 9/16 ''ഞാൻ സുവിശേഷം...

**IV ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

11. 'സഭ – ലോകത്തിന്റെ മനഃസാക്ഷി'. ആശയം വിശദമാക്കുക.
12. താഴെ തന്നിരിക്കുന്ന ലക്ഷ്യത്തിന് അനുയോജ്യമായ കത്തോലിക്കാ സംഘടനകൾ എഴുതി പട്ടിക പൂർത്തിയാക്കുക.

| | | |
|---|---|---|
| a. | സമൂഹത്തിൽ ദൈവാനുഭവത്തിന്റേയും ഐക്യത്തിന്റെയും രക്ഷയുടേയും അടയാളമാകാൻ യത്നിക്കുന്ന സംഘടന. | .................. |
| b. | സ്നേഹം, ത്യാഗം, സേവനം, സഹനം എന്ന മുദ്രാവാക്യവുമായി മുന്നേറുന്ന സംഘടന. | .................. |
| c. | പ്രാർത്ഥന, പഠനം, സേവനം എന്ന മുദ്രാവാക്യം സ്വീകരിച്ചിരിക്കുന്ന സംഘടന. | .................. |
| d. | ഇടവകയിലൂടെ ലോകത്തെ നവീകരിക്കുക എന്ന മുദ്രാവാക്യവുമായി മുന്നേറുന്ന സംഘടന. | .................. |
| e. | രഹസ്യ പിരിവിലൂടെ പണം കണ്ടെത്തി സാധുക്കളെ സഹായിക്കുന്ന സംഘടന. | .................. |

13. തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.
   a. ഈശോ ശ്ലീഹന്മാർ വഴി സഭയെ ഭരമേല്പിച്ച ദൗത്യമാണ് സുവിശേഷ പ്രഘോഷണം.
   b. എല്ലാ പ്രേഷിതദൗത്യങ്ങളുടേയും ആരംഭം മാമ്മോദീസായാണ്.
   c. സഭയുടെ പ്രേഷിതസ്വഭാവത്തിന്റെ അടിസ്ഥാനം രണ്ടാം വത്തിക്കാൻ കൗൺസിൽ ആണ്.
   d. ഈശോ നേടിത്തന്ന രക്ഷ സ്വന്തമാക്കാൻ മനുഷ്യരെ സഹായിക്കുന്നതിനായി ദൈവം പരിശുദ്ധാത്മാവിനെ അയച്ചു.
   e. മറ്റുള്ളവരെ സുവിശേഷം അറിയിക്കുവാനുള്ള സഭയുടെ ധർമ്മം നിറവേറ്റപ്പെടുന്നത് സമർപ്പിതരിലൂടെയാണ്.

**V ഉത്തരമെഴുതുക (ബൈബിൾ പഠനം)** **2½**

14. വി. ലൂക്കായുടെ സുവിശേഷം 23-ാം അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഈശോയുടെ പീഢാനുഭവ, മരണ രംഗങ്ങൾ ക്രമമായി താഴെത്തന്നിരിക്കുന്ന ഫ്ളോ ചാർട്ടിലൂടെ പൂർത്തിയാക്കുക.

ലൂക്കാ 23-ാം അധ്യായം

1 ..........................
2 ..........................
3 ..........................
4 ..........................
5 ..........................
6. യേശുവിനെ സംസ്കരിക്കുന്നു

**VI നമസ്കാരങ്ങൾ**

15. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന എഴുതുക. **2**
16. നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ എഴുതുക. **2½**
17. പരിശുദ്ധ ദൈവമാതാവിന്റെ ജപമാലയിലെ പ്രകാശത്തിന്റെ 4 ഉം 5 ഉം രഹസ്യങ്ങൾ എഴുതുക. **3**

**VII ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **12**

***(പാഠപുസ്തകത്തിലെ ഉത്തരവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്ത് എഴുതുക.)***

18. ഭാരത മണ്ണിൽ വിശ്വാസത്തെപ്രതി രക്തസാക്ഷികളായിത്തീർന്ന ജോൺ ബ്രിട്ടോ, ദേവസഹായം പിള്ള എന്നിവരുടെ ജീവിത മാതൃക വിശദമാക്കിക്കൊണ്ട് നിങ്ങളുടെ അനുദിന ജീവിതത്തിൽ വിശ്വാസം ജീവിക്കാൻ നിങ്ങൾ ഏറ്റെടുക്കുന്ന സഹനങ്ങളും ത്യാഗങ്ങളും എന്തെന്ന് വിവരിക്കുക. (അധ്യായം 4)
19. വചനപ്രഘോഷണം എത്രമാത്രം പ്രവർത്തിയിൽ അധിഷ്ഠിതമാക്കാമെന്ന് ലോകത്തിന് കാണിച്ചു തന്ന വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവിതമാതൃക വിശദീകരിക്കുക. ആധുനിക ലോകത്തിൽ നിങ്ങൾക്ക് ഏതെല്ലാം വിധത്തിൽ പ്രവർത്തികളിലൂടെ വചനപ്രഘോഷണം നടത്താം? വിശദമാക്കുക. (അധ്യായം 7)
20. സമർപ്പിത ജീവിതത്തിന്റെ സാരാംശം വിശദമാക്കുക. സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കാൻ കുടുംബതലത്തിലും വ്യക്തിപരമായും നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയും? (അധ്യായം 13)
21. 'സഭ-വിശുദ്ധിയിൽ നമ്മെ വളർത്തുന്ന അമ്മ'. ആശയം വിശദീകരിക്കുക. അനുദിനം മുളച്ചുപൊന്തുന്ന അബദ്ധ പ്രബോധനങ്ങളുടെയും സെക്ടുകളുടെയും പശ്ചാത്തലത്തിൽ, ഏകവും പരിശുദ്ധവും ശ്ലൈഹീകവും സാർവ്വത്രീകവുമായ കത്തോലിക്കാസഭ നിങ്ങളുടെ വ്യക്തി ജീവിതത്തിൽ എത്രമാത്രം പ്രധാനപ്പെട്ടതാണ്? വിശദമാക്കുക. (അധ്യായം 14)


**VIII രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** **6**

22. ദൈവവചനം അതിന്റെ പൂർണ്ണതയിൽ ജീവിച്ച പരിശുദ്ധ കന്യകാമറിയത്തിന്റെയും ദൈവവചനം വീരോചിതമായി ജീവിച്ച വിശുദ്ധാത്മാക്കളുടേയും ജീവിത ഉദാഹരണങ്ങൾ 'വചനാനുസൃതം ജീവിച്ചവർ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക. (അധ്യായം 6)
23. ദൈവസ്ഥാപിതമായ കുടുംബം പ്രേക്ഷിത പ്രവർത്തനങ്ങളിലൂടെയും വചനപ്രഘോഷണത്തിലൂടെയും വിശ്വാസ പരിശീലനത്തിലൂടെയും സഭയുടെ സുവിശേഷവത്കരണത്തിന്റെ ശക്തമായ വേദിയായി തീരുന്നതെങ്ങനെ? വിവരിക്കുക. (അധ്യായം 11)

**IX പൊതുചോദ്യം - രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **6**

24. 'ഈശോ എനിക്ക് ആരാണ്?' 10 വർഷത്തെ വിശ്വാസപരിശീലനത്തിന്റെ വെളിച്ചത്തിൽ, കുടുംബത്തിൽ നിന്ന് ലഭിച്ച വിശ്വാസചൈതന്യത്തിന്റെ നിറവിൽനിന്ന് നിങ്ങളുടെ വ്യക്തിപരമായ ബോധ്യങ്ങളും അനുഭവങ്ങളുമൊക്കെ വിവരിച്ച് പ്രസ്തുത ചോദ്യത്തിന് ഉത്തരം നൽകുക.

25.



ഒരു ഫെയ്സ്ബുക്ക് പോസ്റ്റ്

*"വിളക്കണഞ്ഞ വൃദ്ധമന്ദിരത്തി-*
*ലുറങ്ങാത്ത രണ്ടാത്മാക്കളന്യോന്യം*
*ചോദിച്ചു; മക്കൾ.... ഉറങ്ങിയിട്ടുണ്ടാവുമോ...?"*

കൂടെയുള്ള ത്രസിപ്പിക്കുന്ന സുഹൃദ്‌വലയത്തിന്റെ പിൻബലത്തിൽ മതിമറക്കുമ്പോൾ, നിങ്ങളുടെ ലോകത്ത് മാതാപിതാക്കൾ ഇന്ന് അന്യരാകുന്നുണ്ടോ? എന്തു തോന്നുന്നു? മക്കളുടെ കടമകളും നിങ്ങളുടെ ചില തീരുമാനങ്ങളുമൊക്കെ വിശകലനം ചെയ്ത് എഴുതുക.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ സർട്ടിഫിക്കറ്റ് പരീക്ഷ

26 - 01 - 2013
02.00 pm - 04.00 pm

STD - X

മാർക്ക് – 50
സമയം – 2 മണിക്കൂർ

## PART - A

**ഒറ്റവാക്കിൽ ഉത്തരമെഴുതുക: 2 ½**

1. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്ന അവസ്ഥ.
2. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ അടിസ്ഥാനവും മാതൃകയും എന്ത്?
3. വിശ്വാസത്തിൽ ഒന്നുചേർന്ന സഭാസമൂഹത്തിന്റെ യഥാർത്ഥ ശക്തികേന്ദ്രം.
4. ഈശോ നടത്തിയ ഏറ്റവും വലിയ സുവിശേഷ പ്രഘോഷണം.
5. ഏകാന്തവാസ സന്യാസത്തിന്റെ പിതാവായി അറിയപ്പെടുന്ന വിശുദ്ധൻ.

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക: 2 ½**

6. ആരുടെ വചനപ്രഘോഷണത്തിന്റെ ഫലമായിട്ടാണ് ആദ്യ ക്രൈസ്തവ സമൂഹം രൂപം കൊണ്ടത്?
   (തോമാശ്ലീഹ, പത്രോസ് ശ്ലീഹ, പൗലോസ് ശ്ലീഹ)
7. പന്തക്കുസ്താദിനത്തിൽ പ്രാർത്ഥനാനിമഗ്നരായിരുന്ന ശ്ലീഹന്മാരുടെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്നത്.
   (മൂന്നാം മണിക്കൂറിൽ, ആറാം മണിക്കൂറിൽ, ഒൻപതാം മണിക്കൂറിൽ)
8. ഏതു സാഹചര്യത്തിലും പ്രാർത്ഥനയുടെ പ്രേഷിതപ്രവർത്തനം ചെയ്യാൻ നമുക്ക് സാധിക്കുമെന്ന് മാതൃക നൽകിയ വിശുദ്ധ.
   (വി. അൽഫോൻസാമ്മ, വാ. മദർ തെരേസ, വി. കൊച്ചുത്രേസ്യ)
9. ''നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്''.
   (യോഹ. 15:16, മത്താ. 28:20, ഹെബ്രാ. 5:1)
10. സന്യാസ ജീവിതത്തിന്റെ പ്രഥമ ലക്ഷ്യം.
    (ദൈവൈക്യം, സാമൂഹ്യ സേവനം, വിദ്യാഭ്യാസ പ്രേഷിതത്വം)

**ദൈവവചനം ഉദ്ധരിക്കുക 3**

11. ലൂക്കാ 8:21. ''ദൈവവചനം......
12. കൊളോസോസ് 1:10 ''കർത്താവിനു....

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 6**

13. സുവിശേഷ പ്രഘോഷണം ഈശോ സഭയ്ക്കു നൽകിയ കല്പനയാണെന്നു പറയാൻ കാരണമെന്ത്?
14. സീറോ മലബാർ സഭയുടെ മിഷൻ രൂപതകൾ ഏവ? അവ രൂപം കൊള്ളാനുണ്ടായ കാരണങ്ങൾ ഏവ?
15. ആരാണ് വിശ്വാസ സംരക്ഷകർ? ഇവരുടെ കൃതികൾ ഏതുപേരിൽ അറിയപ്പെടുന്നു?

**ഖണ്ഡിക എഴുതുക. (ഏതെങ്കിലും മൂന്നെണ്ണം) 9**

16. കുടുംബം വചനപ്രഘോഷണ വേദി എന്ന നിലയിൽ വചനത്തിനു കൂടുതൽ പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകതയും അതിനു സ്വീകരിക്കാവുന്ന പ്രായോഗിക മാർഗ്ഗങ്ങളും വിശദമാക്കുക. (അധ്യായം 11)
17. 'ഈശോയോടു കൂടിയായിരിക്കുക എന്നതാണ് വിശുദ്ധി നേടാനുള്ള ഒന്നാമത്തെ മാർഗ്ഗം.' ഈശോയോട് ചേർന്നു നിൽക്കുന്നവരിൽ കാണുന്ന സവിശേഷതകൾ എന്തെല്ലാമെന്നും അതു സ്വന്തമാക്കാൻ നാം വ്യക്തിപരമായി ചെയ്യേണ്ട കാര്യങ്ങൾ ഏവയെന്നും എഴുതുക. (അധ്യായം 14)
18. രക്തസാക്ഷികളുടെ വിശ്വാസ ധീരത വിശദമാക്കിക്കൊണ്ട് ഇന്ന് നമ്മുടെ ജീവിതത്തിൽ വിശ്വാസം ജീവിക്കാൻ നാം നേരിടുന്ന പ്രതിസന്ധികളും അവയെ എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്നും വിശദമാക്കുക.(അധ്യായം 4)
19. ഇന്റർനെറ്റ് എന്ന നൂതന മാധ്യമത്തിന്റെ ദുരുപയോഗം തടയാനും അത് വിജ്ഞാനത്തിനും വിനോദത്തിനും ഉപയോഗിക്കുന്നതിനൊപ്പം സുവിശേഷ പ്രഘോഷണത്തിനുള്ള മാധ്യമമാക്കാനും വേണ്ട ഏതാനും നിർദ്ദേശങ്ങൾ എഴുതുക. (അധ്യായം 9)

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക. 6**

20. വിശ്വാസത്തിന്റെ പ്രതിഫലനമായ ജീവകാരുണ്യപ്രവൃത്തികളിൽ സഭയോട് ചേർന്ന് പങ്കുചേരാനുള്ള നമ്മുടെ കടമ വിശദമാക്കുക (അധ്യായം 8)

**OR**

സുവിശേഷപ്രഘോഷണ ഫലമായി സഭ രൂപം കൊണ്ടത് എങ്ങനെയെന്നും സഭ ഈ ദൗത്യം നിർവഹിക്കുന്നതെങ്ങനെയെന്നും വിവരിക്കുക. (അധ്യായം 2)

## PART - B

21. എന്തിനു വേണ്ടിയാണ് പിതാവ് എല്ലാവരുടേയുംമേൽ യേശുവിന് അധികാരം നൽകിയിരിക്കുന്നത്? 1
22. 'എന്താണു സത്യം?' ആര് ആരോട് ചോദിച്ചു? 1
23. യേശു ശിഷ്യന്മാർക്ക് വീണ്ടും തന്നെത്തന്നെ വെളിപ്പെടുത്തിയത് എവിടെ വച്ചായിരുന്നു? 1
24. കുരിശിൽ കിടന്നുകൊണ്ട് താൻ സ്നേഹിച്ച ശിഷ്യനോട് യേശു പറഞ്ഞതെന്ത്? 1
25. ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാരുടെ മധ്യേ നിന്ന് അവരോട് ആദ്യം പറഞ്ഞതെന്ത്? 1
26. കർദ്ദിനാൾ സംഘത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി? 1
27. വിശ്വാസവർഷ ആപ്തവാക്യം എന്ത്? 1
28. സന്തോഷകരമായ 4–ാം ദിവ്യരഹസ്യം എഴുതുക. 2 ½
29. മനസ്താപപ്രകരണം എഴുതുക. 3
30. തിരുസഭയുടെ കല്പനകൾ എഴുതുക 2 ½

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക 6**

31. ജീവിതകാലം മുഴുവൻ മക്കൾക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്ത വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുവാൻ മക്കൾക്കുള്ള കടമയെക്കുറിച്ചും അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിക്കുക.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ – സർട്ടിഫിക്കറ്റ് പരീക്ഷ

26-01-2012
2 pm - 4 pm

**STD X**

**PART - A**

മാർക്ക് : 50
Time : Two Hours

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. ദൈവപിതാവിന്റെ സുവിശേഷം
2. വിശ്വാസത്തിൽ ഒന്നു ചേർന്ന ആദിമ സദാസൂഹത്തിന്റെ യഥാർത്ഥ ശക്തി കേന്ദ്രം.
3. സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ
4. ദളിതരുടെ ഉന്നമനത്തിനായ് ജീവിതം സമർപ്പിച്ച് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ട ഒരു ഇടവക വൈദികൻ.
5. ഈ ലോകത്തിൽ ഈശോയുടെ തുടർച്ചയും കൂദാശയും.

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. സഭയുടെ പ്രേഷിത സ്വഭാവത്തിന് അടിസ്ഥാനം
   (രണ്ടാം വത്തിക്കാൻ കൗൺസിൽ, പരിശുദ്ധാത്മാവ്, പരിശുദ്ധ ത്രീത്വം)
7. ''ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധിക്കുകയില്ല.'
   (അപ്പ. 3:1, അപ്പ 4:20, അപ്പ 4:32)
8. സഭാ പിതാക്കന്മാരുടെ ഗണത്തിൽപ്പെടുന്ന വിശുദ്ധൻ
   (വി.ജോൺ ക്രിസോസ്റ്റോം, വി.ഇഗ്നേഷ്യസ്, വി.അന്തോനീസ്)
9. അഖില ലോക മിഷൻ മദ്ധ്യസ്ഥ
   (വി.ക്ലാര, വി.അൽഫോൻസ, വി.കൊച്ചുത്രേസ്യ)
10. സഭ ഇന്നത്തെ ലോകത്തിൽ മനുഷ്യന്റെ സമഗ്ര പുരോഗതിയ്ക്കായ് യത്നിക്കുന്നത് വിവിധ മാർഗ്ഗങ്ങളിലൂടെയാണ്. ഇവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന മേഖല.
   (വിദ്യാഭ്യാസ പ്രേഷിതത്വം, മാധ്യമ പ്രേഷിതത്വം, രാഷ്ട്രീയ പ്രേഷിതത്വം)

**ദൈവവചനം ഉദ്ധരിക്കുക** **3**

11. മത്തായി 5:16 (മനുഷ്യർ....)
12. ഫിലി 3:20 (നമ്മുടെ പൗരത്വം)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **6**

13. പൗരോഹിത്യത്തിന്റെ സ്ഥാനവും ധർമ്മങ്ങളും വിശദമാക്കുക.
14. സുവിശേഷവത്ക്കരണത്തിനുള്ള പ്രധാനപ്പെട്ട മാർഗ്ഗം ക്രിസ്തീയ ജീവിതം വഴി നൽകുന്ന സാക്ഷ്യമാണ്. ഉദാഹരണത്തിലൂടെ വിശദമാക്കുക.
15. കത്തോലിക്കാ സംഘടനകളുടെ വിവിധതരം ലക്ഷ്യങ്ങൾ ഏവ?

**ഖണ്ഡിക എഴുതുക:** **10**

16. സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തന ശൈലി എന്ത് എന്ന് വിശദമാക്കുക.
17. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കാൻ നാം പുലർത്തേണ്ട ക്രൈസ്തവ മനഃസ്ഥിതിയെക്കുറിച്ചുള്ള സഭയുടെ പ്രബോധനം വിശദീകരിക്കുക.
18. ദൈവവചനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ശക്തിസ്ത്രോതസാണ്. സമർത്ഥിക്കുക.
19. അപ്പസ്തോലന്മാരുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** **6**

20. 'വിശുദ്ധമായ ഒരു ജീവിതം നൽകുന്ന സാക്ഷ്യമാണ് ഏറ്റവും വലിയ പ്രേഷിത പ്രവർത്തനം - വിശുദ്ധരാകൂ പ്രേഷിതരാകൂ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

## PART - B

**ബൈബിൾ പഠനം** **5**

21. ലോകത്തിൽ നിന്ന് എടുക്കണം എന്നല്ല പിന്നെ എന്താണ് ഈശോ ശിഷ്യന്മാർക്കു വേണ്ടി പ്രാർത്ഥിച്ചത്.
22. 'എന്റെ രാജ്യം ഐഹികമല്ല' ആര് ആരോട് പറഞ്ഞു.
23. ഈശോയുടെ കുരിശിനു മുകളിൽ എഴുതി വച്ച ശീർഷകം എന്ത്?
24. ഉത്ഥിതനായ യേശു 8 ദിവസത്തിനുശേഷം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ തോമസ് പറഞ്ഞതെന്ത്?
25. 'അതു കർത്താവാണ് ' (യോഹ. 21:7) ആര് ആരോട് പറഞ്ഞു?

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.** **2**

26. 1962 ൽ ആരംഭിച്ച് 1965 ൽ അവസാനിച്ച ഒരു എക്യുമെനിക്കൽ കൗൺസിലിന്റെ 50-ാം വാർഷികം നാം ഈ വർഷം ആഘോഷിക്കുന്നു. ഏതാണ് ആ കൗൺസിൽ?
27. തോമാശ്ലീഹാ ഭാരതത്തിൽ വന്ന വർഷം

**നമസ്കാരങ്ങൾ**

28. 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന എഴുതുക 2
29. സത്യസഭയുടെ ലക്ഷണങ്ങൾ എഴുതുക 2
30. പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാലയുടെ പ്രാരംഭ പ്രാർത്ഥന (അളവില്ലാത്ത....) എഴുതുക. 3

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക.** **6**

31. 'ഒരു നല്ല ക്രിസ്തീയ കുടുംബം ആകാശ മോക്ഷത്തിന്റെ സാദൃശ്യമാകുന്നു. മക്കൾ നിങ്ങളുടെ കരങ്ങളിലെ ദൈവനിക്ഷേപങ്ങളാകുന്നു.' വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ ഈ ഉൾക്കാഴ്ച യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കാര്യങ്ങൾ കുടുംബങ്ങളിൽ ശ്രദ്ധിക്കണം - വിവരിക്കുക.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ – സർട്ടിഫിക്കറ്റ് പരീക്ഷ

26-01-2011
2 pm - 4 pm

**STD X**
**PART - A**

മാർക്ക് : 50
Time : Two Hours

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. സുവിശേഷത്തിന്റെ പ്രഥമ വക്താവ് ?
2. ക്രൈസ്ത ജീവിതത്തിന്റെ പ്രഥമ വിദ്യാലയം?
3. ഈശോയിലൂടെ പൂർത്തിയാക്കപ്പെട്ട രക്ഷയുടെ സദ്വാർത്തയാണ് ശ്ലീഹന്മാർ പ്രസംഗിച്ചതെന്ന് വ്യക്താക്കുന്ന പുതിയ നിയമപുസ്തകം?
4. വൈദിക ശുശ്രൂഷയുടെ മുഖമുദ്രതന്നെ വചനപ്രഘോഷണമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന അപ്പസ്തോലിക പ്രബോധനം?
5. പരിസ്ഥിതിയുടെ മദ്ധ്യസ്ഥൻ?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം?
   (ജീവിതസാക്ഷ്യം, മതസംവാദം, സമർപ്പിതജീവിതം)
7. സ്നേഹം, ത്യാഗം, സേവനം, സഹനം എന്ന മുദ്രാവാക്യവുമായി മുന്നേറുന്ന കത്തോലിക്കാ സംഘടന?
   (കെ.സി.വൈ.എം, സി.എൽ.സി, ചെറുപുഷ്പ മിഷൻ ലീഗ്)
8. ദൈവം ഏകനായതിനാൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തികൾ ഇല്ല എന്നുള്ള അബദ്ധസിദ്ധാന്തം?
   (നെസ്തോറിയനിസം, മൊണാർക്കിയനിസം, ആര്യനിസം)
9. സ്നേഹമാണ് സർവോത്കൃഷ്ടമെന്ന് നമ്മെ പഠിപ്പിക്കുന്ന ശ്ലീഹാ?
   (വി.പൗലോസ്, വി.യാക്കോബ്, വി.യോഹന്നാൻ)
10. സഭയ്ക്കു സ്വാതന്ത്ര്യം കിട്ടിയ മിലാൻ വിളംബരം നടന്ന വർഷം?
    (A.D. 52, A.D. 313, A.D. 324)

**ദൈവവചനം എഴുതുക:** **3**

11. മത്തായി 19:21 (നീ പൂർണ്ണനാകാൻ........)
12. 1 യോഹന്നാൻ 3:18 (കുഞ്ഞുമക്കളേ......)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക:** **6**

13. ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നാലെന്ത്?
14. കുടുംബത്തിനുള്ള ദൈവിക ദൗത്യത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതെന്ത്?
15. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ ലക്ഷ്യവും അടിസ്ഥാനവും എന്ത്?

**ഖണ്ഡിക എഴുതുക:** **10**

16. വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. വിശദീകരിക്കുക.
17. സഭയുടെ പ്രേഷിതദൗത്യത്തിൽ നമുക്കെങ്ങനെ പങ്കുചേരാം?
18. സമർപ്പിത ജീവിതത്തിന്റെ സാരാംശം എന്തെന്ന് വ്യക്തമാക്കുക.
19. ക്രൈസ്തവ സംഘടനകളുടെയും കുടുംബകൂട്ടായ്മകളുടെയുമെല്ലാം ലക്ഷ്യമെന്ത്? വിശദീകരിക്കുക.

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** **6**

20. പുരോഹിതൻ ആരാണ്? പുരോഹിതന്റെ പ്രധാന കടമകൾ ഏവ? വിശദമാക്കുക.

## PART - B

21. പീലിപ്പോസ് ഏതു ഗ്രാമത്തിൽ നിന്നുള്ളവനായിരുന്നു? 1
22. 'വഴിയും സത്യവും ജീവനും ഞാനാണ്.' ആരുടെ ചോദ്യത്തിന് ഉത്തരമായാണ് ഈശോ ഇത് അരുളിച്ചെയ്തത്. 1
23. വി.യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയമെന്ത്? 1
24. വി.യോഹന്നാന്റെ സുവിശേഷമനുസരിച്ച് യേശു കുരിശിൽ കിടന്നുകൊണ്ട് അവസാനം പറഞ്ഞ വചനമേത്? 1
25. ഈശോ ഉത്ഥാനത്തിനുശേഷം മൂന്നാം തവണ ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുന്നത് എവിടെവച്ച്? 1
26. സീറോ മലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ച് ബിഷപ്പ് 1
27. കത്തോലിക്കാസഭയിലെ കർദ്ദിനാൾമാരുടെ ആകെ എണ്ണമെത്ര? 1
28. കുരിശടയാളം വലുത് എഴുതുക 2
29. കുമ്പസാരത്തിനുള്ള ജപം എഴുതുക 3½
30. ദൈവീകപുണ്യങ്ങൾ എഴുതുക. 1½

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക.** **6**

31. എറണാകുളം - അങ്കമാലി അതിരൂപത കാരുണ്യവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന 2011 വർഷത്തിൽ, മതബോധന വിദ്യാർത്ഥികളായ നിങ്ങൾക്കു ചെയ്യാവുന്ന കാരുണ്യ പ്രവൃത്തികൾ ഏവയെന്ന് വിവരിക്കുക.